## പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1144    06/06/2018-ൽ  മറുപടിയ്ക്ക്

**'മരം കയറ്റ തൊഴിലാളികൾക്ക് സഹായ പദ്ധതി'**

ചോദ്യം | മറുപടി

**ശ്രീ.എൻ.എ.നെല്ലിക്കുന്ന്**

**ശ്രീ.ടി.പി.രാമകൃഷ്ണൻ**
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി |
|---|---|---|
| (എ) | കൂലിക്കോ പ്രതിഫലത്തിനോ വേണ്ടി മരംകയറ്റ തൊഴിൽ ചെയ്യുന്നവർക്ക് തൊഴിലിൽ ഏർപ്പെട്ടിരിക്കുമ്പോൾ അപകടം മൂലം മരണം സംഭവിക്കുകയോ സ്ഥായിയായ അവശത സംഭവിക്കുകയോ ചെയ്യുകയാണെങ്കിൽ സഹായ ധനം നൽകുന്ന പദ്ധതി നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ; | ഉണ്ട് |
| | | |

| | | |
|---|---|---|
| (ബി) | എങ്കിൽ പദ്ധതിയുടെ വിശദാംശം നൽകാമോ; | മരംകയറ്റ തൊഴിൽ ചെയ്യുന്നവർക്ക് തൊഴിലിൽ ഏർപ്പെട്ടിരിക്കുമ്പോൾ അപകടംമൂലം മരണം സംഭവിക്കുകയാണെങ്കിൽ ആശ്രിതർക്ക് 1,00,000/- രൂപ നൽകുന്നു. സ്ഥായിയായ അവശത സംഭവിച്ചാൽ 50,000/- രൂപ ധനസഹായമായി അപേക്ഷകന്റെ ബാങ്ക് അക്കൗണ്ട് വഴി നൽകുന്നു. കൂടാതെ മരംകയറ്റ തൊഴിൽ ചെയ്യാൻ കഴിയാതെ സ്ഥിര അവശത അനുഭവിക്കുന്നവർക്ക് 1,100/- രൂപ നിരക്കിൽ പെൻഷനും നൽകി വരുന്നു. |
| (സി) | മരം മുറിക്കുമ്പോൾ താഴേക്ക് വീണ എത്ര പേർക്ക് ആശ്വാസ ധനം നൽകാൻ ബാക്കിയുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (see table below) |

| നമ്പർ | ജില്ലയുടെ പേര് | ആശ്വാസ ധനം നൽകാൻ ഉള്ളവരുടെ എണ്ണം |
|---|---|---|
| 01 | തിരുവനന്തപുരം | 10 |
| 02 | കൊല്ലം | 01 |
| 03 | പത്തനംതിട്ട | 10 |
| 04 | ആലപ്പുഴ | 1 |
| 05 | കോട്ടയം | 3 |
| 06 | ഇടുക്കി | 21 |
| 07 | എറണാകുളം | 8 |
| 08 | തൃശ്ശൂർ | 5 |
| 09 | പാലക്കാട് | 13 |
| 10 | മലപ്പുറം | 24 |
| 11 | കോഴിക്കോട് | 41 |
| 12 | വയനാട് | 34 |
| 13 | കണ്ണൂർ | 36 |
| 14 | കാസർഗോഡ് | 7 |
| | **ആകെ** | **214** |

(ഡി) മരത്തിൽ നിന്ന് വീണു മരിച്ചവരുടെ ആശ്രിതർക്കുള്ള ധനസഹായം വിതരണം ചെയ്യാൻ ബാക്കിയുണ്ടോ എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

| നമ്പർ | ജില്ലയുടെ പേര് | ധനസഹായം നൽകാൻ ഉള്ളവരുടെ എണ്ണം |
|---|---|---|
| 01 | തിരുവനന്തപുരം | 07 |
| 02 | കൊല്ലം | 05 |
| 03 | പത്തനംതിട്ട | 03 |
| 04 | ആലപ്പുഴ | 02 |
| 05 | കോട്ടയം | 09 |
| 06 | ഇടുക്കി | 07 |
| 07 | എറണാകുളം | 02 |
| 08 | തൃശ്ശൂർ | 02 |
| 09 | പാലക്കാട് | ഇല്ല |
| 10 | മലപ്പുറം | 04 |
| 11 | കോഴിക്കോട് | 24 |
| 12 | വയനാട് | 09 |
| 13 | കണ്ണൂർ | 12 |
| 14 | കാസർഗോഡ് | 07 |
| | **ആകെ** | **93** |

സെക്ഷൻ ഓഫീസർ